**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 130** **29-09-2025 - ൽ മറുപടിയ്ക്ക്**

**പുതിയ തലമുറയുടെ അഭിരുചിക്കനുസൃതമായ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കാൻ നടത്തിയ ഇടപെടൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ കോഴ്സുകളുടെ അക്കാദമികനിലവാരം ഉയർത്തുന്നതിന് എല്ലാ പരമ്പരാഗത കോഴ്സുകളും സിലബസുകളും കാലഘട്ടത്തിന് അനുസൃതമായി നവീകരിക്കുകയും കാലഹരണപ്പെട്ട കോഴ്സുകൾക്ക് പകരം കോഴ്സ് റീസ്ട്രക്ചറിംഗ് നടത്തി പുതുതലമുറ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് . ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാധാന്യം നൽകിക്കൊണ്ട് 2024-25 അക്കാദമിക വർഷം മുതൽ നാലുവർഷ ബിരുദ പരിപാടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പരിഷ്കരണത്തിന്റെ ഭാഗമായി വിദ്യാർഥികൾക്ക് അവരവരുടെ ധിഷണയ്ക്കനുസൃതമായ കോഴ്സുകൾ തെരഞ്ഞെടുത്ത് പഠിക്കുവാനുള്ള അവസരം ലഭിക്കുന്നു. അതോടൊപ്പം ബിരുദ പഠനം ഗവേഷണത്തോടൊപ്പം പൂർത്തീകരിക്കുന്നതിനുള്ള അവസരവും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.<br><br>FYUGP പ്രകാരം വിദ്യാർത്ഥികൾക്ക്, തെരഞ്ഞെടുത്ത പ്രോഗ്രാമിനോട് അനുബന്ധമായ Disciplinary/ Interdisciplinary minors, Skill based courses എന്നിവ തെരഞ്ഞെടുക്കാവുന്നതാണ്. NPTEL, SWAYAM തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ നൽകുന്ന കോഴ്സുകൾ പഠിച്ച് ആയവയുടെ ക്രെഡിറ്റ് നേടുവാൻ വിദ്യാർത്ഥികൾക്ക് അവസരം ഉണ്ട്. മറ്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ക്രെഡിറ്റ് നേടുന്നതിനും വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നുണ്ട് . കൂടാതെ ഒരേ സമയം ഒരു റെഗുലറും ഒരു ഡിസ്റ്റൻസ്/ഓൺലൈൻ പ്രോഗ്രാമും എന്ന വിധം ഒരേ കാലയളവിൽ രണ്ടു പ്രോഗ്രാമുകൾ |

ചെയ്യുന്നതിന് എം.ജി. സർവകലാശാല അനുമതി നൽകിയിട്ടുണ്ട്.

നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യ ഓപ്പൺ സർവ്വകലാശാല എന്ന നേട്ടം കൈവരിച്ചു കൊണ്ട് ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല 2024-25 അക്കാദമിക വർഷം 6 ബിരുദ പ്രോഗ്രാമുകളിൽ നാലുവർഷ ബിരുദം (FYUGP) നടപ്പിലാക്കിയിട്ടുണ്ട്.

നാലുവർഷ ബിരുദ പ്രോഗ്രാമുകളിലും അഞ്ചു വർഷ ഇന്റഗ്രേറ്റഡ് മാസ്റ്റേഴ്സ് പ്രോഗ്രാമുകളിലും കോർ കോഴ്സുകൾക്ക് പുറമെ Skill Enhancement Course (SEC), Value Added Course (VAC), Multi Disciplinary Course (MDC) മുതലായ കോഴ്സുകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട് .

എ.പി.ജെ അബ്ദുൽ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2024-25 അക്കാഡമിക് വർഷം ബിടെക്, ബി എച്ച് എം സി ടി , ബി ഡെസ് പ്രോഗ്രാമുകളുടെ പദ്ധതിയുടെയും സിലബസിന്റെയും പരിഷ്കരണം പൂർത്തിയാക്കിക്കഴിഞ്ഞു. വ്യവസായ രംഗത്ത് നിന്നുള്ള വിദഗ്ധരുടെ പങ്കാളിത്തത്തോടെ ഇൻഡസ്ട്രിയൽ ഇലക്റ്റീവ്സ്, മൈനർ, MOOC തുടങ്ങിയ നൂതനാശയങ്ങൾ കൂടി പരിഷ്കരിച്ച കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ വിദ്യാർത്ഥികൾക്കും നൈപുണ്യശേഷി വികസിപ്പിക്കുന്ന രീതിയിലുള്ള നൈപുണ്യ അധിഷ്ഠിത കോഴ്സുകളും ലബോറട്ടറി കോഴ്സുകളും പ്രൊജെക്ടുകളും കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 8 ആഴ്ച മുതൽ 6 മാസങ്ങൾ വരെ നീണ്ടു നിൽക്കുന്ന ഷോർട് ടേം, ലോങ് ടേം ഇന്റേൺഷിപ്പുകളും കൂടാതെ ഒരു വർഷം വരെ നീണ്ടു നിൽക്കുന്ന ഇന്റേൺഷിപ്പുകളും പരിഷ്കരിച്ച പാഠ്യ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജുകൾ, അപ്ലൈഡ് സയൻസ് കോളേജുകൾ, മോഡൽ പോളിടെക്നിക് കോളേജുകൾ, ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകൾ എന്നിവയിലെല്ലാം ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ.സി.ടി) എനേബിൾഡ് എഡ്യൂക്കേഷൻ നൽകി വരുന്നു.

ഇൻഡസ്ട്രിയൽ റൗണ്ട് ടേബിളുകൾ നടത്തി വ്യാവസായിക വിദഗ്ദരുടെ വിലപ്പെട്ട അഭിപ്രായങ്ങൾ ക്രോഡീകരിച്ചും അക്കാഡമിക് വിദഗ്ധരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചും അസാപ്പിലെ തൊഴിൽ

| | | | |
|---|---|---|---|
| | | | നൈപുണി കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ജോലി സാധ്യത മുൻനിർത്തി കോഴ്സുകൾ ആരംഭിക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കോളേജ് വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ പരമ്പരാഗത കോഴ്സുകൾക്ക് ബദലായി തൊഴിൽ സാധ്യത ഏറെയുള്ള പുത്തൻതലമുറ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. 2024-25 അധ്യയനവർഷം ആരംഭിച്ച നാലുവർഷ ബിരുദ പ്രോഗ്രാമിൽ, പഠനം പൂർത്തിയാക്കിയ ഉടനെ തന്നെ ജോലി തേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് തങ്ങളുടെ ബിരുദ പഠനത്തിന്റെ ഭാഗമായ മൈനർ വിഷയങ്ങൾ തൊഴിൽ ആഭിമുഖ്യമുള്ള (Vocational) പ്രോഗ്രാമുകളിൽ നിന്ന് തെരഞ്ഞെടുക്കാവുന്നതാണ്.<br><br>ഈ തൊഴിൽ ആഭിമുഖ്യമുള്ള മൈനറുകൾ കോളേജുകളിൽ സ്ഥാപിച്ചിട്ടുള്ള സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് (CSDCCP) മുഖേന ഷോർട്ട്-ടേം സ്കിൽ ട്രെയിനിങ് കോഴ്സുകൾ ആയി ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനായി കേരള സർക്കാർ ASAP Kerala, ICT അക്കാദമി, Keltron, CCEK, C-Apt, LBS, IHRD, Rutronix എന്നീ സ്ഥാപനങ്ങളെ തൊഴിൽ പരിശീലന പ്രോഗ്രാമുകൾ നടത്തുന്നതിനായി ചുമതലപ്പെടുത്തി യിട്ടുണ്ട്. ഇതിലൂടെ വിദ്യാർത്ഥികൾക്ക് ബിരുദത്തോടൊപ്പം തന്നെ തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്ന ഇൻഡസ്ട്രി-റെഡി സ്കിൽസ് കൈവരിക്കാനും കഴിയും. FYUGP - യിലെ നാലാം വർഷ ഓണേഴ്സ് പ്രോഗ്രാമിൽ വ്യവസായ പ്രോജക്ട് അല്ലെങ്കിൽ ഇന്റേൺഷിപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി വിദ്യാർത്ഥികൾക്ക് കമ്പനികളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രൊഫഷണൽ സംഘടനകളിലും പ്രവർത്തിച്ച് യഥാർത്ഥ ലോക പ്രശ്നങ്ങൾ പരിഹരിക്കാനും തൊഴിൽ മേഖലയിൽ മത്സരാധിഷ്ഠിതമായ graduates-നെ സൃഷ്ടിക്കാനും സംരംഭകത്വ അവസരങ്ങൾ തുറക്കുവാനും സഹായിക്കുന്നു.<br><br>സംസ്ഥാന ബി.വോക് (B.Voc.) പ്രോഗ്രാമുകളുടെ കരിക്കുലവും നാല് വർഷ ബിരുദപദ്ധതിയുടെ (FYUGP) കരിക്കുലവും തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനായി വ്യവസായവുമായി നേരിട്ട് ബന്ധിപ്പിച്ചുള്ള പഠന-പരിശീലന ഘടകങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് |

| | | | |
|---|---|---|---|
| | | | കോഴ്സുമായി ബന്ധപ്പെട്ട ധാരാളം കോഴ്സുകൾ ജോലിസാധ്യത മുൻനിർത്തി ആരംഭിച്ചിട്ടുണ്ട്. തൊഴിൽനൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി പോളിടെക്നിക് വിദ്യാർത്ഥികൾക്ക് വ്യവസായിക തൊഴിൽ പരിശീലനം ലഭിക്കുന്ന തരത്തിൽ ഇന്റേൺഷിപ്പുകളും ഇൻഡസ്ട്രി ഓൺ ക്യാമ്പസ്, ക്യാമ്പസ് ഇൻടസ്ട്രിയൽ പാർക്ക് മുതലായ സംരംഭങ്ങളും ലഭ്യമാണ്. |
| (സി) | പുതിയ തലമുറയുടെ അഭിരുചിക്കനുസൃതമായി ജോലി സാധ്യത മുൻനിർത്തി കോഴ്സുകൾ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ‘ ബി ’ - യിൽ മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ